"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-അച്ചൻകോവിൽ ഡിവിഷൻ — കാനയാർ റെയിഞ്ചിലെ മംഗള സെക്ഷനിലെ അതിർത്തി പ്രദേശങ്ങളിലെ ജണ്ട നിർമ്മാണത്തിലെ അഴിമതി - ശ്രീ.ജെ.പി.സജിവ്കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് എതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.212/2023/F&WLD  തീയതി,തിരുവനന്തപുരം, 31-05-2023

പരാമർശം:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 30.05.2019 ലെ ബി2-56078/2018 നമ്പർ കത്ത്
2. 24/11/2020 ലെ എ1/67/2019/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. 30.12.2020 ലെ എ1/67/2019/വനം നമ്പർ സർക്കാർ കത്ത്.
4. 27.01.2021 തീയതിയായി ശ്രീ ജെ.പി.സജീവ്കുമാർ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച പ്രതിവാദ പത്രിക.
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 15.09.2021 ലെ ബി2-56078/2018 നമ്പർ കത്ത്
6. സ.ഉ(സാധാ) നം 297/2022/വനം തീയതി 16.07.2022
7. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 09.02.2023 ലെ ബി2-56078/2018 നമ്പർ കത്ത്

ഉത്തരവ്

1) അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിലെ അതിർത്തി പ്രദേശങ്ങളിൽ ജണ്ടകൾ നിർമ്മിച്ചതിൽ അഴിമതിയുണ്ടെന്നാരോപിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) ലഭിച്ച പരാതിയിന്മേൽ പുനലൂർ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ പരാമർശം (1) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തുടർനടപടി ശിപാർശ ചെയ്തിരുന്നു.

2) ടി അന്വേഷണ റിപ്പോർട്ടിൽ 28 ജണ്ടകൾ പുതുക്കി പണിതതിൽ കാട്ടാനകൾ 8 ജണ്ടകൾ നശിപ്പിച്ചതായും തകർന്ന ജണ്ടകൾ പരിശോധിച്ചതിൽ സിമന്റിന്റെയും മണലിന്റെയും അളവ് നിശ്ചിത അളവിലും കുറവാണെന്നും കണ്ടെത്തിയിരുന്നു. കൂടാതെ ജണ്ടകൾ പുതുക്കി പണിയുമ്പോൾ പൊളിഞ്ഞ ജണ്ടയിൽ നിന്നും ലഭിക്കുന്ന പാറകൾ ഉപയോഗിക്കാമെന്നിരിക്കെ

ജണ്ടകളുടെ അറ്റകുറ്റ പണികൾക്കായി സമർപ്പിച്ച അടങ്കലിൽ നിർമ്മാണത്തിനാവശ്യമായ പാറ മുഴുവൻ പുറത്തുനിന്ന് കൊണ്ടുവന്നതായാണ് കാണിച്ചിരിക്കുന്നത്. ടി ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന് 1,32,561.44 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. സർക്കാർ നഷ്ടമായ 1,32,561.44 രൂപയിൽ 40,900/- രൂപ കൺവീനറിൽ നിന്നും ഇതിനകം ഈടാക്കി കഴിഞ്ഞതിനാൽ ബാക്കി വരുന്ന 91,661/- രൂപ സർക്കാർ നഷ്ടമായി തിട്ടപ്പെടുത്തിയിരുന്നു.

3) ടി സർക്കാർ നഷ്ടം കുറ്റാരോപിതരായ അന്നത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ജെ.പി.സജീവ്കുമാർ (ഇപ്പോൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ), സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.റ്റി.എസ്.അഭിലാഷ് (ഇപ്പോൾ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ), സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.വി.ആർ.ശ്രീകുമാർ (ഇപ്പോൾ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ) എന്നിവരിൽ നിന്നും ഈടാക്കുന്നതിനും അച്ചടക്കനടപടി സ്വീകരിക്കുന്നതിനുമായി വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിരുന്നു. ബന്ധപ്പെട്ട വസ്തുതകൾ വിശദമായി പരിശോധിച്ചതിൻ പ്രകാരം ആരോപണ വിധേയരായവരിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.വി.ആർ.ശ്രീകുമാർ ടി ജണ്ടകളുടെ നിർമ്മാണ സമയത്ത് ടി സെക്ഷനിൽ ജോലി ചെയ്തിട്ടില്ലാത്തതിനാൽ അച്ചടക്കനടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിയിരുന്നു. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ജെ.പി.സജീവ്കുമാറിന് (ഇപ്പോൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ) പരാമർശം (2) പ്രകാരം KCS(CC&A) Rule 15 പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി സർക്കാർ തലത്തിൽ അച്ചടക്കനടപടി ആരംഭിച്ചു. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.റ്റി.എസ്.അഭിലാഷിനെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

4) ശ്രീ.ജെ.പി.സജീവ്കുമാറിനെതിരായ ചാർജ്ജുകൾ ചുവടെ ചേർക്കുന്നു.

a. അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിലെ മംഗള സെക്ഷൻ പരിധിയിൽ പാറായി എസ്റ്റേറ്റ് ബൌണ്ടറിയിൽ പുതുക്കിപ്പണിത 28 ജണ്ടകളിൽ 7 ജണ്ടകൾ തകർന്നതായും തകർന്നവയിൽ സിമന്റിന്റെയും മണലിന്റെയും അളവ് നിശ്ചിത അളവിലും കുറവാണെന്ന് കണ്ടെത്തി. ടി ജണ്ടകളുടെ നിർമ്മാണത്തിൽ മേൽനോട്ടം വഹിക്കുന്നതിൽ താങ്കൾ ഗുരുതരമായ വീഴ്ച വരുത്തി.

b. അടങ്കൽ അനുവദിച്ചപ്പോൾ ടെൻഡർ പ്രകാരം ജോലി പൂർത്തിയാക്കാനായി 10% കോൺട്രാക്ടറുടെ ലാഭ വിഹിതം അനുവദിച്ചെങ്കിലും കൺവീനർ സമ്പ്രദായത്തിൽ ടി ജോലികൾ നടപ്പിലാക്കുകയും ക്രമരഹിതമായി കൺവീനർ ബില്ലിൽ 10% കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദിക്കുകയും ചെയ്തു.

c. ജണ്ടകൾ പുതുക്കി പണിയുമ്പോൾ ആ സ്ഥലത്ത് നിലവിലുണ്ടായിരുന്ന തകർന്ന ജണ്ടകളിലെ പാറകൾ ഉപയോഗിക്കണമെന്നിരിക്കെ ജണ്ടകളുടെ അറ്റകുറ്റപ്പണിക്കാവശ്യമായ പാറ മുഴുവൻ പുറത്ത് നിന്നും എത്തിച്ചതായി കാണിച്ച് ബില്ല് സമർപ്പിച്ചതിലൂടെ സർക്കാരിന് 1,32,561/- രൂപയുടെ നഷ്ടം സംഭവിച്ചതിന് കാരണക്കാരനായി.

d. മേൽ പ്രവൃത്തികൾമൂലം താങ്കൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചവരുത്തി.

5) പരാമർശം (4) പ്രകാരം ശ്രീ.ജെ.പി.സജീവ്കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ് പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

6) തകർന്ന 7 ജണ്ടകൾ കാട്ടാനക്കൂട്ടം തകർത്തതാണെന്നും കാട്ടാനക്കൂട്ടം തകർത്തവ അല്ലാത്തത് പൂർവ്വസ്ഥിതിയിലാണ് ഉള്ളതെന്ന് സ്ഥലം പരിശോധിച്ച പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ജണ്ടകൾ ശരിയായി മാത്രമാണ് നിർമ്മിച്ചിട്ടുള്ളതെന്നും ചാർജ്ജിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്നും കോൺട്രാക്റ്റ് വ്യവസ്ഥയിൽ ജോലി പൂർത്തിയാക്കാം എന്ന ഉദ്ദേശത്തിലാണ് അടങ്കൽ തയ്യാറാക്കിയതെന്നും എന്നാൽ ഇത്രയും ദുർഘടമായ പ്രദേശത്ത് ജോലികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർ വിമുഖതകാട്ടും എന്നതിനാലാണ് കൺവീനർ സിസ്റ്റത്തിലേയ്ക്ക് മാറിയതെന്നും ബില്ല് തയ്യാറാക്കിയപ്പോൾ അബദ്ധവശാലാണ് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് കൂടി ചേർന്ന തുക ഉൾക്കൊള്ളിച്ചതെന്നും ആയത് ബോധ്യപ്പെട്ടപ്പോൾ ടി തുക കൺവീനറിൽ നിന്നും പൂർണ്ണമായി അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഈടാക്കിയിട്ടുള്ളതിനാൽ ആരോപിക്കപ്പെട്ട ചാർജ്ജ് നിലനിൽക്കുന്നതല്ലായെന്നും മുമ്പിനാലെ അവിടെ ഉണ്ടായിരുന്ന താൽക്കാലിക ജണ്ടകൾ കാട്ടുകല്ലുകൾ കൊണ്ട് നിർമ്മിച്ചതും കാലപ്പഴക്കത്താലും വന്യജീവികളുടെ ആക്രാമണത്താലും പൂർണ്ണമായും തകർന്ന അവയിൽ നിന്നും കല്ലുകൾ ശേഖരിക്കാൻ കഴിയാത്തതിനാലുമാണ് പുതിയവ ഉപയാഗിച്ചതെന്നും 7 ജണ്ടകൾ കാട്ടാനയുടെ ആക്രാണത്തിലാണ് തകർന്നതെന്ന വസ്തുത പരിഗണിക്കുകയോ മുമ്പിനാലേയുള്ള ജണ്ടകളിൽ നിന്ന് കല്ല് ശേഖരിക്കാൻ കഴിയുമോ എന്ന് വിശദമായി പരിശോധിക്കാതെയുമാണ് സർക്കാർ നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളതെന്നും ആയതിനാൽ തന്നെ പൂർണ്ണമായി കുറ്റവിമുക്തനാക്കണമെന്നും പ്രതിവാദപത്രികയിൽ ശ്രീ.ജെ.പി.സജീവ്കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

7) തുടർന്ന് സാമാന്യനീതി ഉറപ്പാക്കുന്നതിലേക്കായി പ്രതിവാദപത്രികയിലെ അപേക്ഷ പ്രകാരം ശ്രീ.ജെ.പി.സജീവ്കുമാറിനെ 26/2/2022 ന് നേരിൽ കേട്ടു. പ്രതിവാദപത്രികയിലെ വാദങ്ങൾ മുഖവിലക്കെടുത്ത് അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാൻ നേരിൽ കേട്ട വേളയിൽ ആവശ്യപ്പെട്ടു. കോൺട്രാക്ടർ പ്രോഫിറ്റ് ഉൾപ്പെടുത്തി തെറ്റായി തുക കണക്കാക്കിയതും അപ്രകാരം ബില്ല് തയ്യാറാക്കിയതും ടിയാന്റെ വീഴ്ചയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഇക്കാര്യത്തിലുള്ള വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനായി കുറ്റാരോപിതനായ ശ്രീ.ജെ.പി.സജീവ്കുമാറിനെതിരെ KCS(CC&A) ചട്ടം 15 പ്രകാരം ഔപചാരികാന്വേഷണത്തിന് പരാമർശം (6) പ്രകാരം ഉത്തരവായി. അന്വേഷണ അധികാരി സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടും ആയതിലെ കണ്ടെത്തലുകളിന്മേലുള്ള അഭിപ്രായവും പരാമർശം (7) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയിട്ടുണ്ട്.

8) ശ്രീ.ജെ.പി.സജീവ് കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെ കുറ്റപത്രത്തിൽ പറഞ്ഞിരുന്ന ചാർജ്ജുകളിൽ കൺവീനർ സിസ്റ്റത്തിലൂടെ ജണ്ട നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം ബിൽ തയ്യാറാക്കി സമർപ്പിച്ചപ്പോൾ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ആയി 10% തുക കൂടി ഉൾപ്പെടുത്തിയത് ശ്രീ.ജെ.പി.സജീവ് കുമാറിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്നുള്ള ചാർജ്ജ് ഔപചാരികാന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. എന്നാൽ ആ ബില്ല്

പരിശോധിക്കുകയും പാസ്സാക്കുകയും ചെയ്യവരും അധികമായി ഉൾപ്പെടുത്തിയ തുക കണ്ടെത്താത്തത് ഖേദകരമാണെന്നും, പിന്നീട് ആരോപണമുയർന്നപ്പോൾ പ്രസ്തുത തുക കൺവീനറിൽ നിന്നും ഈടാക്കിയതിലൂടെ സർക്കാർ നഷ്ടം ഇല്ലാത്തതാകുന്നുവെന്നും, കോൺടാക്ടേഴ്സ് പ്രോഫിറ്റ് ആയി 10% തുക കൂടി ഉൾപ്പെടുത്തി കൺവീനർ ബില്ല് സമർപ്പിച്ചുവെന്ന കുറ്റം നിലനിൽക്കുന്നതാണെന്നും ഔപചാരിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. അന്വേഷണാധികാരിയുടെ കണ്ടെത്തലും ശുപാർശയും അംഗീകരിക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അഭിപ്രായപ്പെട്ടു.

9) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാന്റെ പ്രവർത്തി മുഖേന ഉണ്ടായ സർക്കാർ നഷ്ടം തിരിച്ചു പിടിച്ചിട്ടുണ്ടെങ്കിലും കൺവീനർ സിസ്റ്റത്തിലൂടെ വർക്ക് പൂർത്തിയാക്കിയ ശേഷം ബിൽ തുക തയാറാക്കി സമർപ്പിച്ചപ്പോൾ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ആയി 10% തുക കൂടി ഉൾപ്പെടുത്തിയ നടപടി ന്യായീകരിക്കാൻ കഴിയുന്നതല്ല. ഉത്തരവാദപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥനിൽ നിന്നും ഉണ്ടാകേണ്ട ജാഗ്രതയും, സൂക്ഷ്മതയും ഈ വിഷയത്തിൽ ശ്രീ.സജീവ് കുമാറിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. മേൽ സാഹചര്യത്തിൽ ശ്രീ.സജീവ് കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞ് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Shaji A M

Date: 02-06-2023 16:58:15

സെക്ഷൻ ഓഫീസർ

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.സജീവ് കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വനം വന്യജീവി(എഫ്) വകുപ്പ്
✓പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി